Sajeevan k c GHSS THARUVANA
WAYANAD

പ്രമേയം ഒന്ന്

HSSLiVE.IN

# ഇഷ്ടികകൾ കൻമണികൾ അസ്ഥികൾ

1) ഹാരപ്പൻ സംസ്കാരത്തെ മൂന്ന് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു .അവ ഏതെല്ലാമാണ് ?

1) ആദ്യകാല ഹാരപ്പൻ നാഗരികത (Early Harappan culture)

2) വികസിത ഹാരപ്പൻ നാഗരികത (Mature Harappan culture)

3) പിൽക്കാല ഹാരപ്പൻ നാഗരികത (Late Harappan culture)

2) ഹരപ്പൻ ജനതയുടെ ഭക്ഷണ രീതികൾ വിവരിക്കുക

- ഹാരപ്പൻ സൈറ്റുകളിൽ നിന്ന് കണ്ടെടുത്ത ധാന്യങ്ങളുടെയും വിത്തുകളുടെയും അവശിഷ്ടങ്ങളിൽ നിന്ന് ആഹാര രീതികളെ കുറിച്ച് മനസ്സിലാക്കാൻ കഴിയും
- ഹാരപ്പൻ ജനത പലതരത്തിലുള്ള സസ്യോൽപന്നങ്ങൾ ഭക്ഷിച്ചിരുന്നു .ഗോതമ്പ് ബാർലി പയറുവർഗങ്ങൾ മുതലായവ അവരുടെ ഭക്ഷണത്തിൽ ഉൾപ്പെട്ടിരുന്നു
- തിനയും നെല്ലരിയും അവർ ഭക്ഷിച്ചിരുന്നു
- മൽസ്യമുൾപ്പടെ ധാരാളം മാംസോത്പന്നങ്ങളും ഭക്ഷണത്തിൽ ഉൾപ്പെട്ടിരുന്നു

3) കാർഷിക രംഗത്ത് ഹാരപ്പൻ ജനത ഉപയോഗിച്ചിരുന്ന സാങ്കേതിക വിദ്യകൾ എന്തെല്ലാമായിരുന്നു? ഉദാഹരണ സഹിതം വ്യക്തമാക്കുക

- ഹാരപ്പൻ ജനതയുടെ മുഖ്യ തൊഴിൽ കൃഷിയായിരുന്നു .എന്നാൽ അവരുടെ യഥാർത്ഥ കാർഷികസമ്പ്രദായങ്ങൾ പുനഃസൃഷ്ടിക്കുക എളുപ്പമല്ല
- നിലം ഉഴുവാനായി കാള കലപ്പ എന്നിവ ഉപയോഗിച്ചിരുന്നുവെന്ന് പുരാവസ്തു ഗവേഷകർ അഭിപ്രായപ്പെടുന്നു
- കൊയ്ത്തുപകരണങ്ങൾ ജലസേചന മാർഗങ്ങൾ എന്നിവ വികസിപ്പിച്ചെടുത്തിരുന്നു
- ജലസേചനത്തിനായി തോടുകൾ നിർമിച്ചതിന്റെ തെളിവുകൾ ഷോർട്ടുഗയിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട് കിണർ വെള്ളവും ജലസേചനത്തിനായി ഉപയോഗിച്ചിരുന്നു
- ധോളാവീരയിൽ നിന്ന് ജലസംഭരണികൾ കണ്ടെത്തിയുട്ടുണ്ട്

4) ഹാരപ്പൻ സംസ്കാരത്തിലെ സാമൂഹ്യ വ്യത്യാസങ്ങൾ കണ്ടെത്തുന്നതിന് വേണ്ടി പുരാവസ്തു ഗവേഷകർ ഉപയോഗിക്കുന്ന തന്ത്രങ്ങൾ എന്തെല്ലാമാണെന്ന് വിശകലനം ചെയ്യുക

- ഹാരപ്പൻ സമൂഹത്തിൽ സാമ്പത്തികവും സാമൂഹികവുമായ അസമത്വങ്ങൾ നിലനിന്നിരുവെന്ന് ശവസംസ്കാര രീതികൾ ,ആഡംബര വസ്തുക്കൾ,പലതരത്തിലുള്ള വസതികൾ എന്നിവയിൽ നിന്ന് വ്യക്തമാണ്

a) ശവസംസ്കാര രീതികൾ .

- ഹാരപ്പൻ ജനത പൊതുവെ മൃത ശരീരങ്ങൾ കുഴിച്ചിടാറാണ് പതിവ് . എന്നാൽ ശവകുഴികൾ ഒരുക്കുന്നതിൽ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു .

Hsslive.in

- ചില ശവകുഴികളുടെ പുറം ഭാഗത്ത് ഇഷ്ടികകൾ വിരിച്ചിരുന്നു .ഇഷ്ടിക ഉപയോഗിച്ച് നിർമിച്ച ശവകുഴികൾ ഒരു പക്ഷെ സമ്പന്ന വ്യക്തികളുടേത് ആകാം .
- ചില കുഴിമാടങ്ങളിൽ മൺപാത്രങ്ങളും ആഭരണങ്ങളും അടക്കം ചെയ്തിട്ടുണ്ട് .
- മൃത ശരീരത്തോടൊപ്പം അടക്കം ചെയ്ത വിലപിടിപ്പുള്ള വസ്തുക്കളും സാധാരണ വസ്തുക്കളും ഹാരപ്പൻ സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹ്യ സാമ്പത്തിക വ്യത്യാസങ്ങൾ എടുത്തു കാണിക്കുന്നു .

b) ആഡംബര വസ്തുക്കൾ

- അപൂർവ വസ്തുക്കൾ , പ്രാദേശികമായി ലഭ്യമല്ലാത്ത പദാർത്ഥങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച വസ്തുക്കൾ സങ്കീർണ്ണമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമിച്ച സാധനങ്ങൾ എന്നിവ ആഡംബര വസ്തുക്കളിൽ പെടുന്നു .
- ആഡംബര വസ്തുക്കൾ കൈവശം വെച്ചിരുന്നത് സമ്പന്ന വിഭാഗങ്ങൾ ആണ്
- ഇത്തരം വസ്തുക്കൾ പൊതുവെ കാണപ്പെടുന്നത് വലിയ അധിവാസ കേന്ദ്രങ്ങളിൽ ആണ്

c) പലതരത്തിലുള്ള വീടുകൾ

- ഒറ്റ മുറിയുള്ള വീടുകൾ മുതൽ പല മുറികളും നിലകളുമുള്ള വീടുകൾ വരെ അവിടെ ഉണ്ടായിരുന്നു
- വലിയ വീടുകൾ സമ്പന്നരുടേതായിരുന്നു .
- ഒറ്റ മുറി വീടുകളിൽ താമസിച്ചത് ദരിദ്ര വിഭാഗങ്ങൾ ആയിരിക്കാം

5) അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിന് വേണ്ടി ഹാരപ്പൻ ജനത സ്വീകരിച്ച തന്ത്രങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കുക

* അസംസ്‌കൃത വസ്തുക്കൾ ലഭിക്കുന്നതിന് ഹാരപ്പൻ ജനത പല തന്ത്രങ്ങളും സ്വീകരിച്ചിരുന്നു .

a) അധിവാസ കേന്ദ്രങ്ങളുടെ സ്ഥാപനം

- അസംസ്‌കൃത വസ്തുക്കൾ സുഗമമായി ലഭിക്കുന്ന പ്രദേശങ്ങളിൽ അധിവാസ കേന്ദ്രങ്ങൾ സ്ഥാപിച്ചു
- ഉദാഹരണത്തിന് ചിപ്പികൾ ധാരാളം ലഭിച്ചിരുന്ന നാഗേശ്വർ ,ബലക്കോട്ട് എന്നീ സ്ഥലങ്ങൾ അവരുടെ അധിവാസ കേന്ദ്രങ്ങൾ ആയിരുന്നു

b) പര്യടനങ്ങൾ അയക്കൽ

- അസംസ്‌കൃത വിഭവങ്ങൾ കരസ്ഥമാക്കുന്നതിന് വേണ്ടി അവർ രാജസ്ഥാനിലെ ഖേത്രിയിലേക്കും ദക്ഷിണേന്ത്യയിലേക്കും പര്യടനങ്ങൾ അയച്ചു
- കരകൗശല വസ്തുക്കളുടെ ഉല്പാദനത്തിന് ആവശ്യമായ അസംസ്കൃത വിഭവങ്ങൾ വിദൂര നാടുകളിൽ നിന്നും ശേഖരിച്ചിരുന്നു .വാണിജ്യത്തിലൂടെയാണ് ഇത് ലഭ്യമായത് .

6) ദൂരദേശങ്ങളുമായി ഹാരപ്പൻ ജനത നിലനിർത്തിയിരുന്ന വാണിജ്യ സാംസ്‌കാരിക ബന്ധങ്ങൾ വിശകലനം ചെയ്യുക

- ഒമാൻ മെസപ്പൊട്ടാമിയ അഫ്ഗാനിസ്ഥാൻ പേർഷ്യ എന്നെ രാജ്യങ്ങളുമായി ഹാരപ്പൻ ജനതക്ക് വാണിജ്യ ബന്ധങ്ങൾ ഉണ്ടായിരുന്നു .
- മെസപ്പൊട്ടാമിയൻ ഗ്രന്ഥങ്ങളിൽ ദിൽമൻ ,മെഗാൻ ,മെലൂഹ എന്നീ പ്രദേശങ്ങളുമായുള്ള ബന്ധങ്ങളെ കുറിച്ച് സൂചിപ്പിക്കുന്നുണ്ട് .
- ഹരപ്പയും മെസപ്പൊട്ടാമിയയും തമ്മിലുള്ള വ്യാപാര ബന്ധങ്ങൾ തെളിയിക്കുന്ന പുരാവസ്തുശാസ്ത്രപരമായ തെളിവുകളുമുണ്ട് .

Hsslive.in

- ഹാരപ്പൻ മുദ്രകളിൽ കാണുന്ന കപ്പലുകളുടെയും വഞ്ചികളുടെയും ചിത്രങ്ങൾ അവർ കടൽ മാർഗം വ്യാപാരം നടത്തിയിരുന്നുവെന്നതിന് തെളിവാണ്

7) ഹാരപ്പൻ മുദ്രകൾ അവരുടെ ഏറ്റവും മികച്ച കലാസൃഷ്ടി കൾ ആയിരുന്നു .മുദ്രകളുടെ സവിശേഷതകളും പ്രാധാന്യവും വിവരിക്കുക

- ഹാരപ്പൻ സംസ്കാരത്തിലെ ഏറ്റവും സവിശേഷമായ കരകൗശല വസ്തു ഹാരപ്പൻ മുദ്രകൾ ആണ്
- രണ്ടായിരത്തിലേറെ മുദ്രകൾ കണ്ടെടുത്തിട്ടുണ്ട് .
- വെണ്ണ കല്ല് കൊണ്ടാണ് മുദ്രകൾ നിർമ്മിച്ചിട്ടുള്ളത് .
- മിക്ക മുദ്രകളിലും മൃഗങ്ങളുടെ ചിത്രങ്ങൾ ഉണ്ട് .
- ചിത്ര ലിപിയുടെ ചിഹ്നങ്ങളും മുദ്രകളിൽ കണ്ടെത്തിയിട്ടുണ്ട് .
- ദീർഘ ദൂര വ്യാപാരം സുഗമമാക്കുന്നതിന് വേണ്ടിയാണ് മുദ്രകൾ ഉപയോഗിച്ചിരുന്നത് .
- സ്വത്തിന്റെ ഉടമസ്ഥാവകാശം കുറയ്ക്കുന്നതിനും വീട് മോടിപിടിപ്പിക്കുന്നതിനും അലങ്കാര വസ്തുവായും മുദ്രകൾ ഉപയോഗിച്ചിരുന്നു .
- രക്ഷകളായും മുദ്രകൾ ഉപയോഗിച്ചിട്ടുണ്ടാകാം .ഇവ മഹത്തായ കലാസൃഷ്ടികൾ ആണ് .
- ഹാരപ്പൻ ലിപിയെ കുറിച്ചുള്ള അറിവിന്റെ മുഖ്യ ഉറവിടം മുദ്രകളാണ്

8) ഹരപ്പയിലെ അധികാര കേന്ദ്രത്തെ കുറിച്ച് ചരിത്രകാരന്മാർക്കിടയിൽ ഏകാഭിപ്രായമില്ല . വിശദീകരിക്കുക

- ഹാരപ്പൻ സംസ്കാരത്തിലെ ഭരണ വർഗ്ഗം ആരായിരുന്നു എന്നതിനെ കുറിച്ച് പ്രത്യേക വിവരങ്ങൾ ലഭ്യമല്ല .
- ഹാരപ്പൻ നഗരങ്ങൾ ഭരിച്ചിരുന്നത് പുരോഹിത രാജാക്കന്മാരായിരുന്നെന്ന് ചില ചരിത്രകാരന്മാർ വാദിക്കുന്നു .
- ഹാരപ്പൻ സമൂഹത്തിൽ ഭരണാധികാരികൾ ഉണ്ടായിരുന്നില്ലെന്നും എല്ലാവരും തുല്യരായിരുന്നെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.
- കച്ചവടക്കാരുടെ ഒരു സംഘമാണ് ഹാരപ്പ ഭരിച്ചിരുന്നതെന്ന് ആർ .എസ് .ശർമ്മ അഭിപ്രായപ്പെടുന്നു
- ഹാരപ്പൻ സമൂഹത്തിൽ ഒന്നിലേറെ ഭരണാധികാരികൾ ഉണ്ടായിരുന്നുവെന്ന അഭിപ്രായവും നിലനിൽക്കുന്നു .
- ഹാരപ്പൻ സമൂഹത്തിൽ ഏക ഭരണകൂടമായിരുന്നു നിലനിന്നതെന്ന സിദ്ധാന്തമാണ് കൂടുതൽ വിശ്വാസ യോഗ്യം

9) ഹരപ്പയിലെ ഉൽഖനനങ്ങളിൽ ജോൺ മാർഷലിന്റെ പോരായ്മകൾ മോർട്ടിമർ വീലർ പരിഹരിച്ചു .വിശകലനം ചെയ്യുക

- മോട്ടിമർ വീലറാണ് ജോൺ മാർഷലിന്റെ ഖനന രീതിയുടെ പോരായ്മകൾ പരിഹരിച്ചത്
- ഉല്ഖനനങ്ങളിൽ ലംബമാന രീതിക്കുള്ള പ്രാധാന്യം വീലർ അംഗീകരിച്ചു
- മൺ മേട്ടകൾ ഏകരൂപമായ തിരശ്ചീന ലൈനുകളിലൂടെ കുഴിക്കുന്നതിന് പകരമായി ലംബമാനമായി ഖനനം ചെയ്യുന്ന രീതി അദ്ദേഹം കൊണ്ടുവന്നു

10) ഹാരപ്പൻ നാഗരികതയുടെ അധപതന കാരണങ്ങൾ വിശദീകരിക്കുക

Hsslive.in

*        ഹാരപ്പൻ നാഗരികതയുടെ തകർച്ചക്കും അന്ത്യത്തിനും നിരവധി വ്യഖ്യാനങ്ങൾ ചരിത്രകാരന്മാർ മുന്നോട്ട് വെച്ചിട്ടുണ്ട്

a) കാലാവസ്ഥാ മാറ്റം

- മഴയുടെ ലഭ്യത കുറവ്, മണ്ണിന്റെ ഫലപുഷ്ടി കുറവ് തുടങ്ങിയ കാലാവസ്ഥാ മാറ്റങ്ങളാണ് തകർച്ചക്ക് കാരണമെന്ന് ചിലർ വിശ്വസിക്കുന്നു

b) വന നശീകരണം

- ഇഷ്ടിക നിർമാണത്തിന് വൻതോതിൽ മരങ്ങൾ വെട്ടി മുറിച്ചു .
- കാടുകൾ അപ്രത്യക്ഷമായത് വരൾച്ചയ്ക്ക് കാരണമായി

c) അമിതമായ പ്രളയങ്ങൾ

- ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ഹാരപ്പൻ സംസ്കാരത്തിലെ നഗരങ്ങളെ നശിപ്പിച്ചത് വെള്ളപ്പൊക്കങ്ങളാണ് .

d)   ഭൂകമ്പങ്ങൾ ,ക്ഷാമങ്ങൾ,പകർച്ചവ്യാധികൾ

- ഭൂകമ്പങ്ങളും ക്ഷാമങ്ങളും പകർച്ച വ്യാധികളുമാണ് അധഃപതന കാരണമെന്ന് ചില ചരിത്രകാരന്മാർ വിശ്വസിക്കുന്നു

d) ആര്യൻ ആക്രമണം

- മോർട്ടിമർ വീലറിനെ പോലെയുള്ള ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ആര്യന്മാരുടെ ആക്രമണമാണ് ഹാരപ്പൻ സംസ്കാരത്തെ നശിപ്പിച്ചത്

  *നദികൾ വറ്റി വരണ്ടതും പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണവും പാരിസ്ഥിക അസന്തുലിതാവസ്ഥയും ഹാരപ്പൻ സംസ്കാരത്തിന്റെ അന്ത്യത്തിന് കാരണമായി എന്ന സിദ്ധാന്തങ്ങളും നിലവിലുണ്ട് .

11) മോഹൻജെദാരോവിലെ നഗരാസൂത്രണത്തിന്റെ സവിശേതകൾ വിശദമാക്കുക

- ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്ക് -പടിഞ്ഞാറൻ ഭാഗത്ത് 4500 വർഷങ്ങൾക്ക് മുമ്പ് മഹത്തായ ഒരു സംസ്കാരം നിലനിന്നിരുന്നു .
- 1921 ൽ ഹാരപ്പൻ സൈറ്റിലാണ് ഈ സംസ്കാരം ആദ്യമായി കണ്ടെത്തിയത് .സിന്ധു നദീ തട നാഗരികത എന്നും ഹാരപ്പൻ സംസ്കാരം എന്നും ഈ സംസ്കാരം അറിയപ്പെടുന്നു .
- ഹാരപ്പൻ സംസ്കാരത്തിന്റെ ഏറ്റവും പ്രധാന സവിശേഷത നഗര കേന്ദ്രങ്ങളുടെ വികാസമാണ്

- ഹാരപ്പൻ സംസ്കാരത്തിലെ ഏറ്റവും പ്രസിദ്ധമായ സൈറ്റ് ആണ് മോഹൻജെദാരോ .
- ഹാരപ്പൻ സംസ്കാരത്തിന്റെ നഗരാസൂത്രണം വീടുകൾ മുദ്രകൾ എന്നിവയെക്കുറിച്ചുള്ള മിക്ക വിവരങ്ങളും ലഭിച്ചിട്ടുള്ളത് മോഹൻജെദാരോവിൽ നിന്നാണ് .
- മോഹൻജൊദാരോ എന്ന പദത്തിന്റെ അർത്ഥം *മരിച്ചവരുടെ കുന്ന്* എന്നാണ് .
- നഗരത്തെ   കോട്ട , കീഴ് പട്ടണം എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി തിരിച്ചിരുന്നു .

Hssive.in

1) കോട്ട

- മിക്ക ഹാരപ്പൻ അധിവാസ കേന്ദ്രങ്ങൾക്കും ഒരു ചെറിയ ഉയർന്ന പടിഞ്ഞാറൻ ഭാഗവും ഒരു വലിയ താഴ്ന്ന ഭാഗവും ഉണ്ട്
- ഉയർന്ന പടിഞ്ഞാറൻ ഭാഗത്തെയാണ് കോട്ട എന്ന് പറയുന്നത് .
- കോട്ടകൾ മതിലുകൾ കെട്ടി സംരക്ഷിച്ചിരുന്നു
- കലവറ ,വലിയ കുളിപ്പുര മുതലായ പൊതു കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത് ഇവിടെയാണ് .

2) കീഴ് പട്ടണം -ഗൃഹ നിർമാണ വാസ്തുവിദ്യ

- നഗരത്തിന്റെ കിഴക്ക് ഭാഗത്ത് കോട്ടയ്ക്ക് തൊട്ടു താഴെയാണ് കീഴ് പട്ടണം സ്ഥിതി ചെയ്തിരുന്നത്
- .ഇത് ഒരു അധിവാസ മേഖലയായിരുന്നു .ധാരാളം ഇഷ്ടിക വീടുകൾ അടങ്ങിയ ഈ പ്രദേശത്താണ് ഭൂരി ഭാഗം ജനങ്ങളും താമസിച്ചിരുന്നത് .
- ഗ്രിഡ് സമ്പ്രദായ പ്രകാരമാണ് വീടുകൾ ക്രമീകരിച്ചത് .
- എല്ലാ വീടുകൾക്കും ഒരു തുറന്ന നടുമുറ്റവും അതിനു ചുറ്റുമായി മുറികളും ഉണ്ടായിരുന്നു .
- ഹാരപ്പൻ ജനത സ്വകാര്യതയ്ക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു .ചുമരുകളിൽ തറയോട് ചേർന്ന ഭാഗങ്ങളിൽ ജനാലകൾ പിടിപ്പിച്ചിരുന്നില്ല .തെരുവുകളെ അഭിമുഖീകരിക്കുന്ന വാതിലുകളും ജനാലകളും അപൂർവമായിരുന്നു .
- എല്ലാ വീടുകളിലെയും കുളിമുറികളെ തെരുവിലെ ഓവ് ചാലുകളുമായി ബന്ധിപ്പിച്ചിരുന്നു .
- ചില വീടുകൾക്ക് കോണിപ്പടികൾ ഉണ്ടായിരുന്നു .
- പല വീടുകളിലും കിണർ ഉണ്ടായിരുന്നു .

*കലവറ

- മോഹൻജൊദാരോയിലെ ഏറ്റവും വലിയ കെട്ടിടം അവിടത്തെ കലവറ അഥവാ ധാന്യപ്പുരയാണ്
- .ഈ കെട്ടിടത്തിന്റെ കീഴ് ഭാഗം ഇഷ്ടികകൾ കൊണ്ടാണ് നിർമിച്ചത് .
- മുകൾ ഭാഗം നിർമിച്ചത് മരം കൊണ്ടാണ് .
- മിച്ചം വരുന്ന ഭക്ഷ്യ ധാന്യങ്ങൾ സൂക്ഷിച്ച് വെച്ചത് ഈ ധാന്യപ്പുരയിൽ ആയിരുന്നു .

*വലിയ കുളിപ്പുര

- മോഹൻജെദാരോയിലെ കോട്ടയ്ക്കുള്ളിൽ കാണപ്പെടുന്ന ഏറ്റവും പ്രധാന കെട്ടിടം വലിയ കുളിപ്പുരയാണ് .
- നാലു വശവും ഇടനാഴികളാൽ ചുറ്റപ്പെട്ട ദീർഘ ചതുരാകൃതിയിലുള്ള ഈ കുളത്തിലേക്ക് ഇറങ്ങുന്നതിനായി വടക്കും തെക്കും ഭാഗങ്ങളിലായി പടവുകളുണ്ട് .
- കുളത്തിന്റെ മൂന്ന് വശങ്ങളിലും മുറികളുണ്ട് .ഒരു മുറിയിലെ വലിയ കിണറിൽ നിന്നാണ് കുളത്തിലേക്കുള്ള വെള്ളം കൊണ്ടുവന്നിരുന്നത് .
- ജലം നിറക്കാനും മലിനജലം ഒഴുക്കി കളയാനുമുള്ള സംവിധാനം ഉണ്ടായിരുന്നു .
- മതപരമായ അനുഷ്ഠാനങ്ങൾക്ക് വേണ്ടിയായിരിക്കാം ഈ കുളിപ്പുര ഉപയോഗിച്ചിരുന്നത് .
- ഹരപ്പരുടെ ശുചിത്വ ബോധം എടുത്തു കാണിക്കുന്ന ഒന്നാണ് വലിയ കുളിപ്പുര

*അഴുക്കുചാൽ സമ്പ്രദായം

- ഹാരപ്പൻ നഗരങ്ങളിലെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത മികവോടെ ആസൂത്രണം ചെയ്ത അഴുക്കുചാൽ സമ്പ്രദായമാണ് .

Hssive.in

- ഓരോവീടിനെയും തെരുവിലെ അഴുക്കു ചാലുമായി ബന്ധിപ്പിച്ചിരുന്നു .
- കരിങ്കൽ പാളികൾ കൊണ്ടോ ഇഷ്ടികകൾ കൊണ്ടോ ഇവ മൂടിയിരുന്നു .
- തെരുവിലെ ഓടകൾ  വൃത്തിയാക്കുന്നതിന് വേണ്ടി ആൾ തുളകൾ നിർമിച്ചിരുന്നു .
- അഴുക്കുചാൽ ഹാരപ്പൻ ജനതയുടെ എഞ്ചിനീയറിംഗ് വൈദഗ്ധ്യം പ്രകടമാക്കുന്നു .
- ആരോഗ്യത്തിനും ശുചിത്വത്തിനും ഇവർ നൽകിയ അതീവ ശ്രദ്ധ ഇത് സൂചിപ്പിക്കുന്നു

12) ഹാരപ്പൻ ലിപിയുടെ സവിഷേതകൾ വിശദീകരിക്കുക

- ഹാരപ്പൻ ലിപിയെ കുറിച്ച് നമുക്ക് മുഖ്യമായും അറിവ് ലഭിക്കുന്നത് ഹാരപ്പൻ മുദ്രകളിൽ നിന്നാണ്
- ഇതുവരെ വായിച്ചെടുക്കാൻ കഴിയാത്തത് കൊണ്ട് ഹാരപ്പൻ ലിപിയെ നിഗൂഢ ലിപി എന്ന് വിളിക്കാറുണ്ട് .
- ഹാരപ്പൻ ലിപി വലത്ത് നിന്ന് ഇടത്തോട്ടാണ് എഴുതിയിരുന്നത് .
- ഹാരപ്പൻ ലിപി ചിത്രലിപി യാണെന്നാണ് പൊതുവെയുള്ള അഭിപ്രായം .
- മിക്ക ലിഖിതങ്ങളും വളരെ ചെറുതാണ് .
- ഹാരപ്പൻ ലിപിയിൽ ധാരാളം ചിഹ്നങ്ങളും അടയാളങ്ങളുമുണ്ട്

13) പുരാവസ്തു ഗവേഷകർ കരകൗശല ഉല്പാദന കേന്ദ്രങ്ങൾ തിരിച്ചറിയാൻ എന്തെല്ലാം വസ്തുതകളാണ് അന്വേഷിക്കുന്നത്?

*കരകൗശല വസ്തുക്കളുടെ ഉല്പാദന കേന്ദ്രങ്ങൾ തിരിച്ചറിയുന്നതിന് പുരാവസ്തു ഗവേഷകർ താഴെ പറയുന്ന വസ്തുക്കളും സാധനങ്ങളും തിരഞ്ഞ് കണ്ടുപിടിക്കാൻ ശ്രമിക്കുന്നു

- കൽ പിണ്ഡങ്ങൾ ,ചിപ്പികൾ,ചെമ്പയിർ എന്നിവ പോലെയുള്ള അസംസ്കൃത വിഭവങ്ങൾ
- ഉപകരണങ്ങൾ
- അപൂർണ്ണ വസ്തുക്കൾ (നിർമാണം പൂർത്തിയാക്കാത്ത വസ്തുക്കൾ )

*പാഴ് വസ്തുക്കൾ

- പാഴ് വസ്തുക്കൾ നിർമാണ കേന്ദ്രത്തെ കുറിച്ച് വ്യക്തമായ സൂചനകൾ നൽകുന്നു .
- ഉദാഹരണത്തിന് ഏതെങ്കിലും സാധനം നിർമ്മിക്കുന്നതിനായി ഉപയോഗിച്ച അസംസ്കൃത വസ്തുക്കളുടെ അവശിഷ്ടങ്ങൾ ഉല്പാദന സ്ഥലത്ത് പാഴ് വസ്തുവായി ഉപേക്ഷിച്ചിട്ടുണ്ടാകാം

14) ഹാരപ്പൻ ജനതയുടെ മതവിശ്വാസത്തെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക

- പുരാവസ്തു ഗവേഷകർ അസാധാരണമോ അപരിചിതമായോ തോന്നിച്ച ചില വസ്തുക്കൾക്ക് മതപരമായ പ്രാധാന്യം കല്പിക്കുകയുണ്ടായി .
- സ്ത്രീകളുടെ കളിമൺ രൂപങ്ങൾ ,പുരുഷന്മാരുടെ പ്രതിമകൾ ,ചില കെട്ടിടങ്ങൾ എന്നിവയ്ക്കെല്ലാം അവർ മതപരമായ പരിവേഷം നൽകുകയുണ്ടായി .

മാതൃ ദേവത

HSSlive.in

- ഹാരപ്പൻ സൈറ്റുകളിൽ നിന്ന് സ്ത്രീകളുടെ ധാരാളം കളിമൺ രൂപങ്ങൾ കണ്ടെടുക്കുകയുണ്ടായി .ഈ രൂപങ്ങളെ മാതൃ ദേവതയായി കണക്കാക്കുന്നു .

പുരുഷ പ്രതിമകൾ

- പുരുഷന്മാരുടെ അപൂർവമായ ചില കൽ പ്രതിമകളും കണ്ടെത്തിയിട്ടുണ്ട് .
- ഇത്തരത്തിലുള്ള ഒന്നാണ് പുരോഹിത രാജാവിന്റെ പ്രതിമ .ഇതിന് മതപരമായ പ്രാധാന്യമുണ്ട്

കെട്ടിടങ്ങൾ

- ചില കെട്ടിടങ്ങൾക്കുംഅനുഷ്ഠാനപരമായ പ്രാധാന്യം ഉണ്ട് .വലിയ കുളിമുറിയും കാലിബംഗനിലും ലോത്തലിലും കണ്ട ബലിപീഠങ്ങളും ഇതിൽ ഉൾപ്പെടുന്നു.
- ചില ഹാരപ്പൻ മുദ്രകളിലും ആചാര അനുഷ്ഠാനങ്ങളുടെ രംഗങ്ങൾ ചിത്രീകരിച്ചിട്ടുണ്ട് .
- അരയാൽ പോലുള്ള വൃക്ഷങ്ങളെ ആരാധിച്ചിരുന്നു .
- പശുപതി അഥവാ ആദിശിവൻ അവരുടെ ആരാധനാ മൂർത്തി ആയിരുന്നു

THANKS
SAJEEVAN K C GHSS THARUVANA WAYANAD

Hsslive.in